**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5982** **09-07-2024 - ൽ മറുപടിയ്ക്ക്**

**നിയമ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 3 പേരെ നിയമിച്ചിട്ടുള്ളതാകുന്നു. നിലവിൽ ടി തസ്തികയിൽ താൽക്കാലികമായി ആരും ജോലി ചെയ്യുന്നില്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 32 പേർക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്- II തസ്തികയിൽ 1 ആൾക്കും ഡ്രൈവർ തസ്തികയിൽ 2 പേർക്കും അസിസ്റ്റന്റ് കന്നട ട്രാൻസ്ലേറ്റർ ഗ്രേഡ്II തസ്തികയിൽ 1 ആൾക്കും താല്ക്കാലിക നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു ഡ്രൈവറും മാത്രമാണ് ദിവസവേതനാടി സ്ഥാനത്തിൽ ജോലി ചെയ്തുവരുന്നത്. ഇവർക്ക് 39,045/- രൂപയാണ് 2024 മെയ് മാസം അനുവദിച്ചത്.<br><br>നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളായ.-<br><br>കേരള നിയമപരിഷ്കരണ കമ്മീഷനിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.-<br><br>പാർട്ട്ടൈം സ്വീപ്പർ (കുടുംബശ്രീ മുഖേന) – 2<br><br>ലീഗൽ അസിസ്റ്റന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) -1<br><br>ഡ്രാഫ്റ്റിംഗ് എക്സ്പെർട്ട് (നേരിട്ടുള്ള നിയമനം) - 1<br><br>ഓഫീസ് അറ്റൻഡന്റ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) -2<br><br><u>2024 മെയ് മാസം അനുവദിച്ച വേതനത്തിന്റെ വിശദാംശങ്ങൾ</u><br><br>പാർട്ട്ടൈം സ്വീപ്പർ - 8000/-<br><br>ലീഗൽ അസിസ്റ്റന്റ് - 32,560/-<br><br>ഡ്രാഫ്റ്റിംഗ് എക്സ്പെർട്ട് -25,000/-<br><br>ഓഫീസ് അറ്റൻഡന്റ് - 16,875/-<br><br>ആകെ - 82,435/- |

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ വിവിധ തസ്തികകളിൽ നടന്ന താത്കാലിക നിയമനങ്ങൾ ചുവടെ ചേർക്കുന്നു.

1. **അസിസ്റ്റന്റ്**

അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 5 പേരെ നിയമിച്ചു. കരാർ നിയമനം നടത്തിയിട്ടില്ല.

2. **കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II**

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക അടിസ്ഥാനത്തിൽ 17 പേരെ നിയമിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

3. **ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II**

ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 131 നിയമനങ്ങൾ നടത്തി. അതിൽ 118 പേർ സേവനത്തിൽ പ്രവേശിച്ചു. 24/10/2016 -ലെ 15060/ഇൻസ്പെ.1/നിയമം പ്രകാരം 25 പേരെയും 17/09/2021 -ലെ 3679/ഇൻസ്പെ.1/2021 /നിയമം നമ്പർ കത്ത് പ്രകാരം 8 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 2021 മുതൽ 25/10/2022 വരെ 26 പേരെ പല കാലയളവുകളിലായി 25 പേർ വീതം എന്ന വ്യവസ്ഥയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 03/01/2023 മുതൽ ഇതുവരെ 48 പേരെ പല കാലയളവുകളിലായി 33 പേർ വീതം എന്ന വ്യവസ്ഥയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. നിലവിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ 33 പേർ ദിവസവേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

4. **ഡ്രൈവർ**

ഡ്രൈവർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 5 പേരെ നിയമിച്ചു. ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ 23/05/2017 തീയതിയിലെ 3843/ഇൻസ്പെ.1/ 17/നിയമം നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഒരു ഡ്രൈവറെ പല ഘട്ടങ്ങളിലായി നിയമിച്ചു. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

5. **ബൈൻഡർ**

ബൈൻഡർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 3 പേരെ നിയമിച്ചു. ടി തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

6. **പി.റ്റി.എസ്.**

പി.റ്റി.എസ്. തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ 24/10/2016 -ലെ

15060/ഇൻസ്പെ.1/16/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ 5 പേരെ പ്രതിമാസ സഞ്ചിത വേതന

വ്യവസ്ഥയിൽ കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം പല ഘട്ടങ്ങളിലായി നിയമിച്ചിട്ടുണ്ട്. ടി തസ്തികകയിൽ കരാർ നിയമനം നടത്തിയിട്ടില്ല.

ദിവസവേതന/സഞ്ചിത വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 2024 മേയ് മാസത്തിൽ, ഡ്രൈവർ തസ്തികയിലുള്ളവർക്ക് 16,060/- രൂപയും ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ളവർക്ക് 5,48,100/- രൂപയും, കാഷ്വൽ സ്വീപ്പേഴ്സ് തസ്തികയിലുള്ളവർക്ക് 39,742/- രൂപയും, ഉൾപ്പെടെ ആകെ 6,03,902/- രൂപയും നൽകിയിട്ടുള്ളതാകുന്നു.

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ആഫീസിൽ ക്ഷേമനിധി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്കസ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 5-ലെ വ്യവസ്ഥകൾക്ക് അനുസൃതമായും നിയമസേവന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവു കൾക്ക് വിധേയമായും എൽ.ഡി.ക്ലാർക്ക്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ രണ്ടുപേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ടുപേരുടെയും കരാർ കാലാവധി അവസാനിച്ചപ്പോൾ ഈ സർക്കാർ ടിയാളുകളുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രണ്ടുപേർക്ക് വേതനമായി 2024 മെയ് മാസം ആകെ 42,350/- രൂപ അനുവദിച്ചിട്ടുണ്ട്.

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ 2021 മെയ് മുതൽ 2022 നവംബർ വരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി രണ്ട് പേരും ഡ്രൈവർമാരായി നാല് പേരും ഓഫീസ് അറ്റൻഡന്റായി നാല് പേരും ഉൾപ്പെടെ ദിവസവേതനാടിസ്ഥാനത്തിൽ 10 പേർ ജോലി ചെയ്തിരുന്നു. 2022 ഡിസംബർ മുതൽ 2024 മെയ് വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അഞ്ച് പേരും ടൈപ്പിസ്റ്റായി 1 ആളും ഡ്രൈവർമാരായി 12 പേരും ഓഫീസ് അറ്റൻഡന്റായി 11 പേരും ഉൾപ്പെടെ 29 പേരും ജോലി ചെയ്തിരുന്നു.

2024 മെയ് മാസത്തെ സ്ഥിതിപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി 1 ആളും ഡ്രൈവർമാരായി 4 പേരും ഓഫീസ് അറ്റൻഡന്റായി 3 പേരും ജോലി ചെയ്തിട്ടുണ്ട്. 23/02/2024 തീയതിയിലെ സ.ഉ(സാധാ) 231/2024/നിയമം, 11/03/2024 തീയതിയിലെ 02/എച്ച്3/2024/നിയമം നമ്പർ കത്ത് എന്നിവ പ്രകാരം സർക്കാർ താല്ക്കാലികമായി അനുമതി നൽകിയിട്ടുള്ള ഓഫീസ് അറ്റൻഡന്റുമാരുടെ 2 താൽക്കാലിക ദിവസവേതന തസ്തികകളിൽ 2 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റുമാരായി നിയോഗിച്ചിട്ടുണ്ട്.

2024 മെയ് മാസത്തിൽ മേൽ ഇനത്തിൽ ആകെ 2,67,187/-(രണ്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി ഒരുന്നൂറ്റി എൺപത്തി ഏഴ് രൂപ മാത്രം) രൂപ ശമ്പളവും വേതനവും മറ്റ് ആനുകൂല്യവുമായി നൽകിയിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ അനുബന്ധസ്ഥാപനങ്ങളായ എറണാകുളം, മഞ്ചേരി, കാസറഗോഡ് എന്നീ ജില്ലകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാന ലീഗൽ സർവ്വീസ്

അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തി വരുന്നത്. ഇങ്ങനെ ഡെപ്യൂട്ടേഷൻ വ്യസ്ഥയിൽ ജീവനക്കാരുടെ കാലാവധി തീർന്ന് മാതൃവകുപ്പിലേക്ക് പോകുന്ന സന്ദർഭങ്ങളിൽ പുതിയ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനാൽ ടി ഓഫീസുകളിലെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടി G.O(P)81/2019/ധന ഉത്തരവിലെ ഖണ്ഡിക 2 ഉപഖണ്ഡിക 3 വ്യവസ്ഥകൾ പ്രകാരം 89 ദിവസത്തേക്ക് താൽക്കാലിക നിയമനങ്ങൾ നടത്തിവരാറുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തസ്തിക | മെയ് മാസം അനുവദിച്ച വേതനം |
|---|---|---|---|
| 1. | എറണാകുളം | a) TLSC സെക്രട്ടറി - 1<br>b) ക്ലർക്ക് കം ടൈപ്പിസ്റ്റ് -1,<br>c) ഓഫീസ് അറ്റൻഡന്റ്-1 | 99,675/- |
| 2. | മഞ്ചേരി | a) TLSC സെക്രട്ടറി - 2<br>b) ഓഫീസ് അറ്റൻഡന്റ്-1 | 32,275/- |
| 3. | കാസറഗോഡ് | a) TLSCക്ലർക്ക് കം ടൈപ്പിസ്റ്റ് -1,<br>b) DLSA ക്ലർക്ക് കം ടൈപ്പിസ്റ്റ് -1, | 30,200/- |

(ബി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(ബി) നിയമ വകുപ്പിൽ എംപ്ലോയ്മെന്റ് എക്ലേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 3 പേരെയും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 13 പേരെയും അസിസ്റ്റന്റ് കന്നട ട്രാൻസ്ലേറ്റർ ഗ്രേഡ് II തസ്തികയിൽ 1 ആളെയും നിയമിച്ചിട്ടുള്ളതാണ്. വിവിധ കാലയളവുകളിൽ സർക്കാർ ഉത്തരവുകൾ പ്രകാരം ദിവസവേതനാടി സ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 19 പേരും ഡ്രൈവർ തസ്തികയിൽ 2 പേരും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 1 ആളും ജോലി ചെയ്തിട്ടുള്ളതാണ്.

നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളായ

(i)കേരള നിയമപരിഷ്കരണ കമ്മീഷനിൽ.-

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനം -3

2. കുടുംബശ്രീ മുഖേന നടത്തിയ നിയമനം - 2

(09/02/2010 തീയതിയിലെ ജി.ഒ(പി) നം, 61/2010/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കമ്മീഷനിൽ പാർട്ട്ടൈം സ്വീപ്പറെ കുടുംബശ്രീ മുഖേനയാണ് നിയമിക്കേണ്ടത്)

3. കമ്മീഷൻ നേരിട്ട് നടത്തിയ നിയമനം -1

(22/11/2019 തീയതിയിലെ സ.ഉ(സാധാ) നം. 1554/2019/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡ്രാഫ്റ്റിംഗ് എക്സ്പെർട്ട്-ന്റെ നിയമനം നടത്താൻ കമ്മീഷനെ അധികാരപ്പെടുത്തിയി ട്ടുള്ളതു കൊണ്ടാണ്)

(ii) അഡ്വക്കേറ്റ് ജനറൽ കാര്യാലയം- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് തസ്തികയിൽ 5 പേർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 17 പേർക്കും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 131 പേർക്കും ഡ്രൈവർ തസ്തികയിൽ 5 പേർക്കും ബൈൻഡർ തസ്തികയിൽ 3 പേർക്കും നിയമനം നടത്തിയിട്ടുണ്ട്. എന്നാൽ ഓഫീസ് അറ്റഡന്റ് തസ്തികയിൽ 118 പേർ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാകുന്നു.

ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിന് അവംലംബിച്ച മാർഗ്ഗങ്ങൾ

1. **ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II**

24/10/2016 -ലെ 15060/ഇൻസ്പെ.1/2021/നിയമം നമ്പർ സർക്കാർ കത്ത്, 17/09/2021 -ലെ 3679/ഇൻസ്പെ.1/2021/നിയമം നമ്പർ സർക്കാർ കത്ത് എന്നിവ പ്രകാരം 38 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. 24/10/2016 -ലെ 15060/ഇൻസ്പെ.1/നിയമം നമ്പർ കത്ത് പ്രകാരം നിയമിതരായവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളവർ സേവനത്തിൽ പ്രവേശിക്കുന്നത് വരെ നിലനിർത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഭൂരിഭാഗം ജീവനക്കാരും കാലാവധി പൂർത്തിയാക്കി വിടുതൽ നേടിയതിനാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് നിയമന ശിപാർശ ലഭിക്കാൻ കാലതാമസം നേരിട്ടതിനാലും നിയമന ശിപാർശ ലഭിച്ചതിന് ശേഷം നിയമന ഉത്തരവ് അയച്ചവരിൽ ഭൂരിഭാഗം പേരും സേവനത്തിൽ പ്രവേശിക്കാതെ ഇരുന്നതിനാലും, സേവനത്തിൽ പ്രവേശിച്ചവരിൽ തന്നെ ഭൂരിഭാഗം പേരും മറ്റ് ജോലികൾ ലഭിച്ച് വിടുതൽ നേടിയതിനാലും അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ ജീവനക്കാരുടെ ദൗർലഭ്യം ഉണ്ടായി. ടി കാര്യാലയത്തിന്റെ സേവനം ബഹു. കേരള ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ആയതിനാൽ ജീവനക്കാരുടെ അഭാവം ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മുമ്പ് സേവനമനുഷ്ഠിച്ചിരുന്നവരെ ദിവസ വേതന വ്യവസ്ഥയിൽ വീണ്ടും നിയമിക്കുവാൻ അഡ്വക്കേറ്റ് ജനറൽ 12/12/2022, 16/01/2023 തീയതികളിൽ ഉത്തരവിട്ടു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിനെ തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ദിവസ വേതന നിയമനം നടത്തുന്നതിന് നൽകിയ ലിസ്റ്റ്

| | | | |
|---|---|---|---|
| | | | തിരിച്ചയച്ചതിനാൽ വീണ്ടും ഇപ്രാകാരമുള്ള ലിസ്റ്റ് ആവശ്യപ്പെട്ടാൽ ആയത് ലഭിക്കുന്നതിന് മുമ്പ് അടുത്ത നിയമന ശിപാർശ ലഭിക്കുന്നതിനാലാണ് ഇപ്രകാരമുള്ള ഉത്തരവ് നൽകിയിട്ടുള്ളത്.<br><br>2. **ഡ്രൈവർ - 5**<br><br>23/05/2017 തീയതിയിലെ 3843/ഇൻസ്പെ.1/17/ നിയമം നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിൽ ഒരു ഡ്രൈവറെ പല ഘട്ടങ്ങളിലായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>3. **പി.റ്റി.എസ്. -** 24/10/2016 -ലെ 15060/ഇൻസ്പെ.1/16/നിയമം നമ്പർ സർക്കാർ കത്ത് പ്രകാരം കാഷ്വൽ സ്വീപ്പർ തസ്തികയിൽ 5 പേരെ പ്രതിമാസ സഞ്ചിത വേതന വ്യവസ്ഥയിൽ കുടുംബശ്രീയിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം പലഘട്ടങ്ങളായി നിയമിച്ചിട്ടുണ്ട്.<br><br>4. **ബൈൻഡർ**<br><br>മറ്റ് ഏജൻസികൾ മുഖേന മേൽ തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല<br><br>(iii) കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ആഫീസ്-<br><br>ക്ഷേമനിധി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്കസ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 5-ലെ വ്യവസ്ഥകൾക്ക് അനുസൃതമായും നിയമസേവന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവു കൾക്ക് വിധേയമായി എൽ.ഡി.ക്ലാർക്ക്, അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ രണ്ടുപേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.<br><br>(iv)കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ-<br><br>**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 29 നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്.** ദിവസ വേതനനിയമനവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് ദിവസ വേതന ജോലിക്കായി ജീവനക്കാരെ നിയോഗിച്ചത്.<br><br>(v) കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളിൽ G.O (P) 81/2019-ധന ഉത്തരവിലെ ഖണ്ഡിക 2 ഉപഖണ്ഡിക 3 വ്യവസ്ഥകൾ പ്രകാരം 89 ദിവസത്തേക്ക് താൽക്കാലിക നിയമനങ്ങൾ നടത്തി വരാറുണ്ട്. |

സെക്ഷൻ ഓഫീസർ